## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി. എം. സന്ധ്യരാജിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ.827/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി.23/03/2017

---

പരാമർശം: 1) ശ്രീമതി. എം. സന്ധ്യരാജിന്റെ 27.03.2013 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 10.07.2014,29.10.2014,30.03.2015,20.01.2017 എന്നീ തീയതികളിലെ ഇ 6-7600/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി. എം. സന്ധ്യരാജിന് എം.ജി യൂണിവേഴ്സിറ്റിയ്ക്ക് കീഴിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസിൽ പി.എച്ച്.ഡി പ്രൊഗ്രാം ചെയ്യുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണ മെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി. എം. സന്ധ്യരാജ് 27.03.2013 ൽ ക്ളാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് 30.03.2013 മുതൽ 25.07.2013 വരെയും 27.07.2013 മുതൽ 22.04.2017 വരെയും രണ്ട് ഘട്ടമായാണ് അവധിയപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ 26.07.2013 ൽ ജോലിയ്ക്ക് ഹാജരായിട്ടുണ്ട്. സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസ് ഡയറക്ടർ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി എം സന്ധ്യരാജിന് പി.എച്ച്.ഡി പ്രൊഗ്രാം ചെയ്യുന്നതിലേക്ക് 30.03.2013 മുതൽ 25.07.2013 വരെയും 27.07.2013 മുതൽ 22.04.2017 വരെയും ഉള്ള കാലയളവിലേക്ക് കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടുള്ളതല്ല എന്ന നിബന്ധനയിലും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. എം. സന്ധ്യരാജ്, ക്ളാർക്ക്, രായമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് ( 22.06.2015 ലെ 98597/ആർബി2/15/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/152/15/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ